**ഗ്രാം ന്യായാലയ കോടതി നെടുങ്കണ്ടം**
**ഹാജർ:- ശ്രീമതി ഹരിത ജി.എച്ച്, ന്യായാധികാരി, നെടുംകണ്ടം**
**2026 ജൂൺ മാസം 11-ാം തീയതി വ്യാഴാഴ്ച/1948 ജ്യേഷ്ഠം 21-ാം തീയതി**

**C.M.P 2/2026**
**IN**
**ST.No.25/2026**
**(Cr No.220/2026 നെടുംകണ്ടം പോലീസ് സ്റ്റേഷൻ)**

| | | |
|---|---|---|
| **ഹർജിക്കാരൻ** | | തുകേത് S/o ദേവേന്ദ്രൻ, വയസ്സ് 37 കർപ്പകം വീട് ശിങ്കാരികണ്ടം ഭാഗം, കൈലാസനാട് പി ഓ, ഉടുമ്പൻചോല വില്ലേജ് |
| | | **(അഡ്വക്കേറ്റ് – കെ.പി.രാധാകൃഷ്ണൻ)** (നിയമസഹായം) |
| **എതിർകക്ഷി** | : | കേരള സർക്കാരിനു വേണ്ടി സബ്ബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, നെടുംകണ്ടം പോലീസ് സ്റ്റേഷൻ. |
| | | (അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ പ്രതിനിധാനം ചെയ്യുന്നു) |
| **കുറ്റം** | : | ഭാരതീയ ന്യായസംഹിത 303 (2) വകുപ്പു പ്രകാരം. |
| **ഉത്തരവ്** | : | ജാമ്യഹർജി അനുവദിച്ച് ഉത്തരവായിരിക്കുന്നു. |

ഈ ജാമ്യഹർജി 11.6.2026 തീയതി കേൾക്കുന്നതിനായി വന്നു. കോടതി അന്നേ ദിവസം ചുവടെ പറയും പ്രകാരം ഉത്തരവായി.

**ഉത്തരവ്**

ഇത് അപേക്ഷകൻ/കുറ്റാരോപിതൻ ക്രിമിനൽനടപടി നിയമസംഹിതയുടെ 437 (3) -ാം വകുപ്പ് പ്രകാരം സ്വന്തം ജാമ്യത്തിൽ വിടുന്നതിനായി സമർപ്പിച്ച ഹർജിയാണ്.

2. ഈ ഹർജിയിലെ അപേക്ഷകൻ ഭാരതീയ ന്യായസംഹിത 303 (2) വകുപ്പു പ്രകാരം നെടുംകണ്ടം പോലീസ് രജിസ്റ്റർ ചെയ്ത കുറ്റകൃത്യ നമ്പർ 220/2026 എന്ന കുറ്റകൃത്യത്തിലെ പ്രതിയാണ്.

3. **ഹർജി സംഗതികൾ താഴെപ്പറയും പ്രകാരമാണ്:-** പ്രതിക്ക് മോഷണം ചെയ്തു മുതൽ അപഹരിക്കണമെന്നുള്ള ഉദ്ദേശത്തോടും കരുതലോടും കൂടി 11.4.26 തീയതി മുതൽ 13.4.2026 തീയതി പകൽ 2.15 മണി വരെയുള്ള സമയങ്ങളിൽ പാറത്തോട് വില്ലേജിൽ കോമ്പയാർ ഭാഗത്തുള്ള ആവലാതിക്കാരന്റെ ഉടമസ്ഥതയിലുള്ള 5 ഏക്കറോളം വരുന്ന ഏലത്തോട്ടത്തിൽ നിന്നും 13.4.26 തീയതി സുമാർ 3 കിലോ തൂക്കമുള്ള പച്ച ഏലക്കായും ഉൾപ്പെടെ പലതവണകളായി ഉദ്ദേശം 100 കിലോയോളം തൂക്കം വരുന്ന 50,000 രൂപ വില വരുന്നതുമായ പച്ച ഏലക്കാ മോഷണം ചെയ്തു കൊണ്ടുപോയി പ്രതി കൃത്യത്തിന്

സ്വമനസാലെ പ്രവർത്തിച്ച് ഭാരതീയ ന്യായസംഹിത 303 (2) വകുപ്പ പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിരിക്കുന്നു എന്നുള്ളതാണ്.

4. ഈ കേസിലെ പ്രതിയെ നിയമാനുസരണം ചോദ്യം ചെയ്തതിൽ ടിയാൻ കുറ്റം സമ്മതിച്ച് പറഞ്ഞിട്ടുള്ളതിനാൽ ടിയാനെ 13.4.26 തീയതി വൈകിട്ട് 7 മണിക്ക് നിയമനനുസരണം അറസ്റ്റ് ചെയ്തിട്ടുള്ളത് ആകുന്നു.

5. ടിയാനെ 14.4.2026 തീയതി ഉച്ചയ്ക്ക് മൂന്ന് മണിക്ക് കോടതി മുമ്പാകെ ഹാജരാക്കിയതും കൃത്യത്തിന്റെ ഗൗരവം കണക്കിലെടുത്ത് ടിയാനെ റിമാൻഡ് ചെയ്തതും ആകുന്നു. നാളിതുവരെ ടിയാൻ ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിയുന്നതുമാണ്. പ്രതിക്കുവേണ്ടി അഭിഭാഷകനെ നിയമിച്ചു. പ്രതിക്കുവേണ്ടി അഭിഭാഷകൻ ഹാജരായി. പ്രതിയെ ജാമ്യത്തിൽ എടുക്കാൻ ആരും ഇല്ലാത്തതിനാൽ ബഹുമാനപ്പെട്ട കോടതി സ്വന്തം ജാമ്യം നൽകി വിട്ടയക്കണം എന്നും അപേക്ഷിച്ചുകൊണ്ട് സമർപ്പിച്ചതാണ് ടി ഹർജി.

6. വാദം കേട്ടു. രേഖകൾ വിശദമായി പരിശോധിച്ചു.

7. Cr.No.220/2026 ലെ പ്രതിയായിരുന്ന ടിയാനെ അന്വേഷണ ഉദ്യോഗസ്ഥൻ 13.4.2026 തീയതി വൈകി 7 മണിക്ക് നിയമപരമായി അറസ്റ്റ് രേഖപ്പെടുത്തി കോടതി മുമ്പാകെ 14.4.2026 ഹാജരാക്കിയിട്ടുള്ളതും, അപേക്ഷകൻ/പ്രതി 14.4.2026 തീയതി മുതൽ റിമാൻഡ് ചെയ്തിട്ടുള്ളതും പീരുമേട് സബ്ജയിലിൽ ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ച് വരുന്നതുമാണ്.

8. ഈ കേസിലെ രേഖകൾ പരിശോധിച്ചതിൽ അന്തിമ റിപ്പോർട്ട് കോടതി മുമ്പാകെ ഹാജരാക്കിയതായി ബോധ്യപ്പെട്ടു. ആയതിനാൽ പ്രതിയെ തുടർന്ന് ജയിലിൽ പാർപ്പിക്കേണ്ടത് ആവശ്യമില്ലാത്തതായി കാണുന്നു. ആയതിനാൽ പ്രതിക്ക് 20000/- (ഇരുപതിനായിരം) രൂപയുടെ സ്വന്തം ജാമ്യം അനുവദിക്കേണ്ടത് ആവശ്യമാണ് എന്ന് ഈ കോടതി കാണുന്നു. പ്രതിയെ ജാമ്യത്തിൽ ഏൽക്കാൻ ആരും തന്നെ ഇല്ല എന്നും ബോധ്യപ്പെടുന്നു.

9. നിലവിൽ കേസിന്റെ വസ്തുതകളിലും സാഹചര്യങ്ങളിലും നിന്ന് ഹർജിക്കാരൻ/കുറ്റാരോപിതന് ഭാരതീയ നാഗരിക സുരക്ഷാസംഹിതയുടെ 480–ാം വകുപ്പ് പ്രകാരമുള്ള വ്യവസ്ഥകൾ ചുമത്തി ജാമ്യം അനുവദിക്കുന്നത് ന്യായമെന്ന് കാണുന്നതിനാൽ താഴെ പറയുന്ന ജാമ്യ വ്യവസ്ഥകളോടു കൂടി ഈ ജാമ്യഹർജി അനുവദിച്ച് ഉത്തരവായിരിക്കുന്നു.

1. കുറ്റാരോപിതനെ/ഹർജിക്കാരനെ 20000/- (ഇരുപതിനായിരം) രൂപയുടെ സ്വന്തം ജാമ്യത്തിൽ വിട്ടയക്കുന്നു.
2. ജാമ്യകാലത്ത് കുറ്റാരോപിതൻ/ഹർജിക്കാരൻ ചെയ്തതായി ആരോപിക്കപ്പെടുന്നതോ സംശയിക്കപ്പെടുന്നതോ ആയ കുറ്റങ്ങൾക്ക് സദൃശ്യമായ മറ്റ് കുറ്റങ്ങൾ ചെയ്യുവാൻ പാടുള്ളതല്ല.
3. കേസിന്റെ വസ്തുതകളുമായി പരിചയമുള്ള ഏതെങ്കിലും സാക്ഷികളെ പ്രത്യക്ഷമായോ പരോക്ഷമായോ പ്രേരിപ്പിച്ചോ ഭീഷണിപ്പെടുത്തിയോ വാഗ്ദാനം നൽകിയോ കേസിന്റെ വസ്തുതകൾ വിചാരണ വേളയിൽ വെളിപ്പെടുത്തുന്നതിൽ നിന്നും അത്തരം സാക്ഷികളെ പിന്തിരിപ്പിക്കാനോ കേസിലെ തെളിവുകൾ കേടുവരുത്തുവാനോ പാടുള്ളതല്ല.
4. മേൽ പ്രസ്താവിച്ചതായ ജാമ്യ വ്യവസ്ഥകൾ കുറ്റാരോപിതൻ/ഹർജിക്കാരൻ പാലിക്കപ്പെടാതെ വീഴ്ച വരുത്തുന്ന പക്ഷം നിലവിൽ അനുവദിച്ചതായ ജാമ്യം റദ്ദാക്കുന്നതാണ്.
5. കുറ്റാരോപിതൻ ജയിൽ മോചിതനായി തൊട്ടടുത്ത ദിവസം തന്നെ ഈ കോടതി മുമ്പാകെ ഹാജരാകേണ്ടതാണ്.

ഇപ്രകാരം 2026 ജൂൺ മാസം 11–ാം തീയതി ഇതു ഞാൻ തുറന്ന കോടതിയിൽ പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഇതിൽ കോടതിമുദ്രയും എന്റെ ഒപ്പും പതിച്ചിരിക്കുന്നു.

(ഒപ്പ്)
ന്യായാധികാരി
ഗ്രാം ന്യായാലയ നെടുംകണ്ടം

//ശരിപ്പകർപ്പ്//

ന്യായാധികാരി
ഗ്രാം ന്യായാലയ നെടുംകണ്ടം